(ബി&സി) എ.എ.വൈ. അന്നപൂർണ്ണ വിഭാഗങ്ങൾക്കൊഴികെ മറ്റ് വിഭാഗങ്ങളുടെ ആവശ്യത്തിന് അനുസൃതമായി വിതരണം ചെയ്യുന്നതിനുള്ള ഭക്ഷ്യധാന്യം ലഭിക്കുന്നില്ല. കേന്ദ്ര സർക്കാരിൽ നിന്നും പൂർണ്ണതോതിലുള്ള റേഷൻ വിഹിതം ലഭിച്ചാൽ മാത്രമേ കുറവ് പരിഹരിക്കാൻ കഴിയുകയുള്ളൂ.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വെട്ടിക്കുറച്ച റേഷൻ പുനഃസ്ഥാപിക്കാനും കൂടുതൽ റേഷൻവിഹിതം അനുവദിക്കുന്നതിനുമായി ബഹു. ഭക്ഷ്യമന്ത്രിയുടെ നേതൃത്വത്തിൽ ധാരാളം നിവേദനങ്ങൾ കേന്ദ്രസർക്കാരിന് സമർപ്പിക്കുകയുണ്ടായി. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം കേന്ദ്രസർക്കാരുമായി ചർച്ചകൾ നടത്തുകയുണ്ടായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ ധരണ നടത്തുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ നിവേദനങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും ഫലമായി പല ഘട്ടങ്ങളിലായി അഡീഷണൽ അലോട്ട്മെന്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഏറ്റവും ഒടുവിൽ APL വിഭാഗത്തിന് കുടിയ നിരക്കിലാണ് ഭക്ഷ്യ ധാന്യം അനുവദിച്ചിട്ടുള്ളത്.

റേഷൻ കാർഡിനുള്ള ഓൺലൈൻ അപേക്ഷ

99(1356) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡിനായി ഓൺലൈൻ അപേക്ഷ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) റേഷൻ കാർഡിനായി ഓൺലൈൻ അപേക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) റേഷൻ കാർഡിനുള്ള ഓൺലൈൻ അപേക്ഷാ സംവിധാനം നടപ്പിലാക്കുന്ന കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. അതോടൊപ്പം നേരിട്ടും അപേക്ഷ സ്വീകരിക്കുന്നുണ്ട്.

(ബി) റേഷൻകാർഡ് സംബന്ധമായ അപേക്ഷ സമർപ്പിക്കാൻ ഉദ്ദേശിക്കുന്നവർക്ക് സ്വന്തം നിലയിലോ അക്ഷയകേന്ദ്രങ്ങൾ വഴിയോ അപേക്ഷ ഓൺലൈനായി സമർപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയോടൊപ്പം അനുബന്ധ രേഖകളും ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. പിന്നീട് അസ്സൽ രേഖകൾ താലൂക്ക് സപ്ലൈ ആഫീസിൽ നേരിട്ട് ഹാജരാക്കി കുടുംബനാഥന്റെ ഫോട്ടോ എടുത്ത് റേഷൻ കാർഡ് വാങ്ങാവുന്നതാണ്.

(സി) ഓൺലൈൻ സംവിധാനം ആരംഭിച്ചതിനുശേഷം സംസ്ഥാനത്താകെ 136311 ഓൺലൈൻ അപേക്ഷകൾ ലഭിക്കുകയും അതിൽ 57399 അപേക്ഷകളിൽ കാർഡ് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly